# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുവപ്പടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ.ഇ കെ എം പി2/725/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 30/06/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂവപ്പടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 3-1 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ.ഇ കെ എം പി2/725/2021 തീയ്യതി: 30/06/2021

## എറണാകുളം ജില്ലയിലെ കുവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് കെ കെ | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ഷേർളി ജോസഫ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2.ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.സെറീന പി എ, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. സന്തോഷ് കുമാർ എം,സീനിയർ ഗ്രേഡ് ഓഡിറ്റർ
5. പ്രവീൺ വി എൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കുഞ്ഞുമോൾ തങ്കപ്പൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ഉദയ കെ | സെക്രട്ടറി | 01-04-2019 | 26-07-2019 |
| ശ്രീ വി എസ് സുരേഷ്ബാബു | സെക്രട്ടറി | 27-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുനിൽ കെ എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ഷഹാന സി.എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജയ മരിയ ജോസഫ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.വിക്ടർ ജെ ഫെർണാണ്ടസ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ.അനുരാധ എ ആർ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീമതി സിജിമോൾ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സിജി വർഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി നീന ബി | വി ഇ ഒ കോടനാട് | 01-04-2019 | 08-10-2019 |
| ശ്രീ ഗിരീഷ് | വി ഇ ഒ കോടനാട് | 09-10-2019 | 31-10-2019 |
| ശ്രീ രമേഷ് കുമാർ സി ജി | വി ഇ ഒ കോടനാട് | 01-11-2019 | 31-03-2020 |
| ശ്രീമതി പ്രമീള സി പി | വി ഇ ഒ, കൂവപ്പടി | 01-04-2019 | 27-06-2019 |
| ശ്രീമതി നീന ബി | വി ഇ ഒ, കൂവപ്പടി (ചാർജ്) | 28-06-2019 | 26-08-2019 |

| | | | |
|---|---|---|---|
| ശ്രീ രമേഷ് കുമാർ സി ജി | വി ഇ ഒ, കൂവപ്പടി (ചാർജ്) | 27-08-2019 | 09-12-2019 |
| ശ്രീമതി പ്രമീള സി പി | വി ഇ ഒ, കൂവപ്പടി | 10-12-2019 | 31-03-2020 |
| ശ്രീമതി ബീന വർഗീസ് | ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.എസ്. | 01-04-2019 | 09-06-2019 |
| ശ്രീമതി ഉഷ കെ.കെ. | ഹെഡ്മിസ്ട്രസ്സ്, ഗവ. എൽ.പി.എസ്. | 10-06-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Santhosh Kumar M (Auditor, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Santhosh Kumar M (Auditor, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Santhosh Kumar M (Auditor, On 25-06-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 25-06-2021) | 1-3 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Santhosh Kumar M (Auditor, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-4 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-5 |
| 6 | പദ്ധതി അവലോകനം<br>Written By: Santhosh Kumar M (Auditor, On 25-06-2021)<br>Last Updated By: Santhosh Kumar M (Auditor, On 25-06-2021) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Santhosh Kumar M (Auditor, On 25-06-2021)<br>Last Updated By: Santhosh Kumar M (Auditor, On 25-06-2021) | 1-7 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Santhosh Kumar M (Auditor, On 25-06-2021)<br>Last Updated By: Santhosh Kumar M (Auditor, On 25-06-2021) | 1-8 |
| 9 | ക്യാഷ് പരിശോധന<br>Written By: Praveen V.N (Auditor, On 25-06-2021)<br>Last Updated By: Praveen V.N (Auditor, On 25-06-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Praveen V.N (Auditor, On 25-06-2021)<br>Last Updated By: Praveen V.N (Auditor, On 25-06-2021) | 1-10 |
| 11 | ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കിയില്ല<br>Written By: Shaiby.E.D (Senior Grade Auditor, On 25-06-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 26-06-2021) | 1-11 |
| 12 | വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-12 |
| 13 | ഗ്രാമസഭ നിയമപ്രകാരം ചേരുന്നില്ല.<br>Written By: Shaiby.E.D (Senior Grade Auditor, On 24-06-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 25-06-2021) | 1-13 |
| 14 | ഗ്രാമസഭ<br>Written By: Sherly Joseph (Audit Officer (HG), On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-14 |
| 15 | ജനപ്രതിനിധികളും ഉത്തരവാദിത്തങ്ങളും<br>Written By: Sherly Joseph (Audit Officer (HG), On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-14-1 |
| 16 | ഓഫീസ് മാനേജ്മെന്റ്<br>Written By: Sherly Joseph (Audit Officer (HG), On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-14-2 |
| 17 | പൗരാവകാശരേഖ<br>Written By: Sherly Joseph (Audit Officer (HG), On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-14-3 |

| | | |
|---|---|---|
| 18 | ഫ്രണ്ട് ഓഫീസ്<br>Written By: Sherly Joseph (Audit Officer (HG), On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-14-4 |
| 19 | ഐ എസ് ഒ<br>Written By: Sherly Joseph (Audit Officer (HG), On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-14-5 |
| 20 | വിവരാവകാശം<br>Written By: Sherly Joseph (Audit Officer (HG), On 25-06-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 26-06-2021) | 1-15 |
| 21 | സേവനാവകാശം<br>Written By: Sherly Joseph (Audit Officer (HG), On 25-06-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 25-06-2021) | 1-16 |
| 22 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Praveen V.N (Auditor, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-17 |
| 23 | ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Praveen V.N (Auditor, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-17-1 |
| 24 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Praveen V.N (Auditor, On 25-06-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 25-06-2021) | 1-17-2 |
| 25 | ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു<br>Written By: Praveen V.N (Auditor, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-18 |
| 26 | വസ്തുനികുതി നിർണ്ണയം-അപാകത<br>Written By: Praveen V.N (Auditor, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-19 |
| 27 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയില്ല<br>Written By: Praveen V.N (Auditor, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-20 |
| 28 | പെർമിറ്റ് ഫീ -അപാകത<br>Written By: Santhosh Kumar M (Auditor, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2021) | 1-21 |
| 29 | വ്യവസായം, വാണിജ്യം സംരഭകത്വം, മറ്റ് സേവനങ്ങൾക്കുമുള്ളലൈസൻസ് ഫീ- അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 25-06-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 27-06-2021) | 1-22 |
| 30 | വക്കീൽ ഫീസ് നൽകിയതിലെ അപാകതകൾ<br>Written By: Shaiby.E.D (Senior Grade Auditor, On 23-06-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 25-06-2021) | 1-23 |
| 31 | ഹാജരാകാത്ത കേസിന് വക്കീൽ ഫീസ് നൽകി-തുക നിരാകരിക്കുന്നു<br>Written By: Shaiby.E.D (Senior Grade Auditor, On 23-06-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 25-06-2021) | 1-23-1 |
| 32 | ആദായനികുതി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തില്ല<br>Written By: Shaiby.E.D (Senior Grade Auditor, On 23-06-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 25-06-2021) | 1-23-2 |
| 33 | കുടിവെള്ള വിതരണം-ജി പി എസ് ട്രാക്ക്റെക്കോർഡ് ഹാജരാക്കിയില്ല<br>Written By: Shaiby.E.D (Senior Grade Auditor, On 24-06-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 25-06-2021) | 1-24 |
| 34 | ദുരന്തനിവാരണ ആസൂത്രണരേഖ-കിലയിൽ നിന്ന് തുക | 1-25 |

| | | |
|---|---|---|
| | ലഭ്യമായില്ല<br>Written By: Sherly Joseph (Audit Officer (HG), On 24-06-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 25-06-2021) | |
| 35 | ആശ്രയ പദ്ധതി-തിരികെ ഈടാക്കിയ തുക സർക്കാരിലേക്ക് അടവാക്കിയില്ല<br>Written By: Shaiby.E.D (Senior Grade Auditor, On 23-06-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 25-06-2021) | 1-26 |
| 36 | വായനശാലയ്ക്ക് പുസ്തകം, ഫർണിച്ചർ എന്നിവ വാങ്ങൽ-അപാകതകൾ<br>Written By: Sareena .P.A (Senior Grade Auditor, On 25-06-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 25-06-2021) | 1-27 |
| 37 | തുടർ സാക്ഷരത- രേഖകൾ ഹാജരാക്കിയില്ല<br>Written By: Sareena .P.A (Senior Grade Auditor, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-28 |
| 38 | വാഹന ഇൻഷുറൻസ് പുതുക്കൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Shaiby.E.D (Senior Grade Auditor, On 23-06-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 25-06-2021) | 1-29 |
| 39 | ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ<br>Written By: Sareena .P.A (Senior Grade Auditor, On 25-06-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 25-06-2021) | 1-30 |
| 40 | വെള്ളക്കരം കുടിശ്ശിക<br>Written By: Shaiby.E.D (Senior Grade Auditor, On 24-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-31 |
| 41 | ദുരിതാശ്വാസനിധി പ്രവർത്തനരഹിതം<br>Written By: Sherly Joseph (Audit Officer (HG), On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-32 |
| 42 | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മുഴുവൻ മരുന്നുകളും ലഭ്യമായില്ല<br>Written By: Sherly Joseph (Audit Officer (HG), On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-33 |
| 43 | തൊഴിലുറപ്പ് പദ്ധതി-അവലോകനം<br>Written By: Sherly Joseph (Audit Officer (HG), On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2021) | 1-34 |
| 44 | ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് തുക അടവാക്കി<br>Written By: Sherly Joseph (Audit Officer (HG), On 25-06-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 25-06-2021) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വക്കീൽ ഫീസ് നൽകിയതിലെ അപാകത-തുക നിരാകരിക്കുന്നു.<br>Written By: Shaiby.E.D (Senior Grade Auditor, On 23-06-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 24-06-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Santhosh Kumar M (Auditor, On 25-06-2021)<br>Last Updated By: Santhosh Kumar M (Auditor, On 25-06-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടു വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 4-2 |
| 3 | | 4-3 |

| | | |
|---|---|---|
| | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Praveen V.N (Auditor, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Shaiby.E.D (Senior Grade Auditor, On 24-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Santhosh Kumar M (Auditor, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Santhosh Kumar M (Auditor, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Santhosh Kumar M (Auditor, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Shaiby.E.D (Senior Grade Auditor, On 24-06-2021)<br>Last Updated By: Shaiby.E.D (Senior Grade Auditor, On 24-06-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Shaiby.E.D (Senior Grade Auditor, On 24-06-2021)<br>Last Updated By: Shaiby.E.D (Senior Grade Auditor, On 24-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaiby.E.D (Senior Grade Auditor, On 24-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shaiby.E.D (Senior Grade Auditor, On 24-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 26.02.2019ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 15.02.2019 തീയതിയിൽ തന്നെ ബജററ് തയ്യാറാക്കി അംഗീകരിച്ചിരുന്നു. സ്ഥാപനത്തിന്റെ 2019-20 ലെ പുതുക്കിയ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 17.01.2020 ലെ 2(1) തീരുമാന പ്രകാരവും ഭരണസമിതി 23.01.2020 ലെ 2(1) തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഫയൽ ആവശ്യമായ രീതിയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബജറ്റ് നിർദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല

2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | ബജറ്റ്(റിവൈസ്ഡ്) | യഥാർത്ഥ വരവ് ചെലവ് |
|---|---|---|---|
| മുന്നിരിപ്പ് | 13134736.00 | 16721250.00 | 25897882.00 |
| വരവ് | 289353200.00 | 238897574.00 | 101628385.00 |
| ആകെ | 302487936.00 | 255618824.00 | 127526267.00 |
| ചെലവ് | 296354467.00 | 249680090.00 | 92421267.00 |
| നീക്കിയിരിപ്പ് | 6133469.00 | 5938734.00 | 35105000.00 |

ബജറ്റ്, ബജറ്റ്(റിവൈസ്ഡ്), യഥാർത്ഥ വരവ് ചെലവ് എന്നിവ താരതമ്യം ചെയ്തതിൽ നിന്നും ബജറ്റും റിവൈസ്ഡ്ബജറ്റും യഥാർത്ഥ വരവ് ചെലവിൽനിന്നും വളരെയധികം വ്യതാസപ്പെട്ടിരിക്കുന്നതായി കാണാം. ബജറ്റ് തയ്യാറാക്കുന്നതിൽ യാഥാർത്ഥ്യ ബോധത്തോടു കൂടിയുള്ള അവലോകനം ഉണ്ടായിട്ടില്ല എന്ന് ഇത് വ്യക്തമാക്കുന്നു.

ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായും തുടർ നടപടികൾക്കും അവലോകനം നടത്തുന്നതുമായും ബന്ധപ്പെട്ട് വിവരങ്ങൾ അടങ്ങുന്ന കൃത്യമായ ഫയൽ സൂക്ഷിക്കുന്നില്ല.

2. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

3. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി കാണുന്നില്ല.

4. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 ലെ പഞ്ചായത്ത് ബജറ്റ് 2019 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

5. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം സാധ്യമാകുന്നില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതായി കാണുന്നില്ല.

ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും കൃത്യമായ ഫയൽ സൂക്ഷിക്കേണ്ടതും അക്കൌണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 01-07-2020 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25897882 |
| ഓഡിറ്റ് വർഷത്തെ വരവ് | 75730503 |
| ആകെ | 101628385 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 66523385 |
| നീക്കിയിരിപ്പ് | 35105000 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

## 1-5 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 14725137 | 14725137 | 13377105 | 1348032 | |
| വികസന ഫണ്ട്-എസ്.സി.പി | - | 7357355 | 7357355 | 7254414 | 102941 | |
| വികസന ഫണ്ട്-ടി.എസ്.പി | - | 424000 | 424000 | - | 424000 | |
| കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് | - | 12972198 | 12972198 | 5279249 | 7692949 | |
| മെയിന്റനൻസ്, റോഡ് | - | 2088000 | 2088000 | 1221306 | 866694 | |
| മെയിന്റനൻസ്- റോഡിതരം | - | 4999000 | 4999000 | 3068323 | 1930677 | |
| കേന്ദ്രാവിഷ്കൃത ഫണ്ട്-(ടോടൽ സാനിടേഷൻ )<br>ഹെഡ്-320100115 | 88555 | - | 88555 | 88555 | - | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ<br>(ഐ സി ഡി എസ്)<br>ഹെഡ്-320100121 | 1431213 | 895056 | 2326269 | 239480 | 2086789 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ<br>(ബഡ്സ് സ്കൂൾ)<br>ഹെഡ്-320100127 | 1250000 | - | 1250000 | 328146 | 921854 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(സോളിഡ് വേയ്സ്റ്റ്) | 1200000 | - | 1200000 | 528267 | 671733 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(ടോടൽ സാനിടേഷൻ)<br>ഹെഡ്-320300103 | 611800 | - | 611800 | 353540 | 258260 | |
| എൻ.ആർ.ഇ.ജി.എസ്. | 194458 | 1195156 | 1389614 | 250998 | 1138616 | |
| പി വൈ സി കെ എ ഫണ്ട്<br>ഹെഡ്-320100126 | 4000 | - | 4000 | - | 4000 | |
| ഫ്ളഡ് റിലീഫ് ഫണ്ട്<br>ഹെഡ്-320200311 | 118180 | - | 118180 | - | 118180 | |
| സാനിറ്റേഷൻ<br>ഹെഡ്-320200319 | 25000 | - | 25000 | - | 25000 | |

| | | | | | | |
|---|---|---|---|---|---|---|
| ഹെഡ്-320200320 | 540000 | | 393988 | | 146012 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(ആശ്രയ, വിമുക്തി, ഫിഷ് സബ്സിഡി) ഹെഡ്-320300399 | 683626 | 553421 | 1237047 | 917835 | 319212 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(ശുചിത്വം മിഷൺ) ഹെഡ്-320200322 | 793857 | 200000 | 993857 | 200000 | 793857 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(ലൈഫ്) ഹെഡ്-320200399 | - | 1400000 | 1400000 | 1000000 | 400000 | |
| ബെനിഫിഷറി കോൺട്രിബ്യൂഷൻ ഹെഡ്-320800101 | 206563 | 588700 | 795263 | 588700 | 206563 | |
| നിർമൽ പുരസ്കാരം ഹെഡ്-320900101 | 76695 | - | 76695 | - | 76695 | |

കുറിപ്പ്:

വികസന ഫണ്ട്-ജനറൽ എന്ന ഫണ്ടിനത്തിൽ സോഴ്സ് ഡിഡക്ഷൻ 1348032/- രൂപയും ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 133803/- രൂപയും ആകുന്നു.

വികസന ഫണ്ട്-എസ്.സി.പി എന്ന ഫണ്ടിനത്തിൽ സോഴ്സ് ഡിഡക്ഷൻ 102941/രൂപയും ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 978235/-രൂപയും ആകുന്നു.

കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് എന്ന ഫണ്ടിനത്തിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 4179406/-രൂപ ആകുന്നു.

മെയിന്റനൻസ് ഗ്രാന്റ്- റോഡ് എന്ന ഫണ്ടിനത്തിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 42045/-രൂപ ആകുന്നു.

മെയിന്റനൻസ്ഗ്രാന്റ്- റോഡിതരം എന്ന ഫണ്ടിനത്തിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 822286/-രൂപ ആകുന്നു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 269 | 127400652 | 105 | 44461477 | 108 | 56 | 39.03% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 194458 | 1195156 | 1389614 | 250998 | 1138616 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 28652196 | 28652196 | 28652196 | - |
| ആകെ | 194458 | 29847352 | 30041810 | 28903194 | 1138616 |

(ക്യാപിറ്റൽ കോൺട്രിബ്യൂഷന് 3949321/- +വർക്ക് ഇൻ പ്രൊഗ്രസ് 683509/- ആകെ 4632830/- ഷെഡ്യൂൾ I6 പ്രകാരമുള്ള വരവ് 24270364/-(28652196-4632830+250998)

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3600 | 4 |
| കർഷകത്തൊഴിലാളി പെൻഷൻ | 4294800 | 20 |
| വിധവാപെൻഷൻ | 7221000 | 80 |
| വാർദ്ധക്യകാല പെൻഷൻ | 15406800 | 377 |
| വികലാംഗ പെൻഷൻ | 2258800 | 36 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 478800 | 10 |

## 1-9 ക്യാഷ് പരിശോധന

**1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2021ന് ജൂനിയർ സൂപ്രണ്ടിന്റ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,80,528/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.**

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.01.2020 | 01.07.2019 മുതൽ 31.08.2019 വരെ | JS/9268/19, 21.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.01.2014 - 14.02.2014 | 2008-09 മുതൽ 2012-13 വരെ | LBA(HQ) III/8A-2079/13-14/30 14.03.2014 |

## 1-11 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കിയില്ല

പഞ്ചായത്തിന്റെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന പരാമർശങ്ങൾ ഇനിയും തീർപ്പാക്കിയിട്ടില്ല.

1. വെള്ളക്കരം ഇനത്തിൽ വൻ കുടിശികയാണ് ഇപ്പോഴും നിലനിൽക്കുന്നത്. ഉപയോഗത്തിലില്ലാത്ത പൊതുടാപ്പുകൾ വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തി കട്ട് ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നതായാണ് പഞ്ചായത്ത് അറിയിച്ചത്.

2. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനായി നിലവിൽ വന്ന ഭേദഗതി ചട്ടങ്ങൾക്കനുസൃതമായി വ്യാപാര പ്രവർത്തനങ്ങളെ തരംതിരിച്ച് ലൈസൻസ് ഫീസ് നിശ്ചയിക്കുന്ന രീതി പഞ്ചായത്ത് നിലവിലും സ്വീകരിച്ചിട്ടില്ല.

3. വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നതിൽ പുരോഗതിയുണ്ടെങ്കിലും മുഴുവൻ എണ്ണത്തിനും ലൈസൻസ് ഉറപ്പ് വരുത്തിയിട്ടില്ല.

4. എസ് സി ഫ്ലാറ്റ് നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

## 1-12 വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

കുവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ - ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9207118/-രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 20398442/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

3) അസിസ്റ്റന്റ് എഞ്ചിനീയറുടെ 25-6-2020 ലെ കത്തു പ്രകാരം 2019-20 വർഷത്തെ ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി 143477/ രൂപ 2020-21ൽ ലഭിച്ചിട്ടുള്ളതാണ് എങ്കിലും 2018-19 തുകയായ 136386/- രൂപ ഇനിയും ലഭിയ്ക്കാനുള്ളതായി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും അതത് വർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല എന്നതിനാലാണ് ഇത്തരത്തിലുള്ള അപാകതകൾ സംഭവിക്കുന്നത്. ഇ-ടെണ്ടർ ഫോറത്തിന്റെ വില ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ കൃത്യത ഉറപ്പാക്കി ധനകാര്യപത്രികയിൽ ഉൾപെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും 2018-19 തുകയായ 136386/- രൂപ എത്രയും വേഗം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

4) പ്രയർ പീരിയഡ് ഐറ്റംസ് എന്ന ഹെഡിൽ 988119/- രൂപ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിൽ ഡെബിറ്റും 1199979/- രൂപ നോൺ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിൽ ക്രെഡിറ്റും ചെയ്തിട്ടുള്ളതായി കാണുന്നു. ഇത്തരത്തിലുള്ള വ്യത്യാസം ഏതേതു കെട്ടിട നമ്പരുമായി ബന്ധപ്പെട്ടതാണ് എന്ന വിശദാംശങ്ങളടക്കം റികൺസൈൽ ചെയ്ത് കൃത്യത ഉറപ്പുവരുത്തുന്നില്ല. സഞ്ചയ ഡിസിബി സ്റ്റേറ്റ്മെന്റ് അനുസരിച്ചുള്ള വർഷാരംഭത്തിലെ കുടിശ്ശിക ഡിമാന്റിൽ സാംഖ്യാ അക്കൗണ്ടിലെ കുടിശ്ശികയുമായി വലിയ വ്യതാസം കാണുന്നു.

| | വാർഷിക ധനകാര്യ പത്രിക പ്രകാരം ഡിമാന്റ് | സഞ്ചയ DCB സ്റ്റേറ്റ്മെന്റ് പ്രകാരം ഡിമാന്റ് | വ്യത്യാസം |
|---|---|---|---|
| കുടിശ്ശിക റസിഡെൻഷ്യൽ വസ്തുനികുതി | 1426675 | 1297452 | -129223 |
| കുടിശ്ശിക നോൺ റസിഡെൻഷ്യൽ വസ്തുനികുതി | 1467444 | 3098933 | 1631489 |
| ആകെ | | | 1502266 |

യഥാർത്ഥത്തിലുള്ള വസ്തുനികുതി കുടിശ്ശിക കൃത്യമായി ബാലൻസ്ഷീറ്റിൽ രേഖപ്പെടുത്തപെടുന്നില്ല എന്ന് ഇത് വ്യക്തമാക്കുന്നു. വർഷാവസാനത്തെ സഞ്ചയ DCB സ്റ്റേറ്റ്മെന്റ് പ്രകാരം ഡിമാന്റിൽ വ്യത്യാസം വരുത്തുകയാണ് ചെയ്യുന്നത് . ആയതിനാൽ ഈ വ്യത്യാസം ഏതേതു കെട്ടിട നമ്പരുമായി ബന്ധപ്പെട്ടതാണ് എന്ന വിശദാംശങ്ങളടക്കം റികൺസൈൽ ചെയ്ത് കൃത്യത ഉറപ്പുവരുത്തി സെക്രട്ടറി ആധികാരികപ്പെടുത്തേണ്ടതാണ്.

5) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 /ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ്എന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്തിലെ തനത് വരുമാനം ദേശസാത്കൃത ബാങ്കായ യു ബി ഐ ബാങ്കിലും ക്ലവപ്പടി സർവ്വീസ് സഹകരണ ബാങ്കിലും ആണ് നിക്ഷേപിക്കുന്നത്.കൂടാതെ ഓൺലൈൻ ട്രാൻസാക്ഷനായി എസ് ബി ഐ ബാങ്കിലും അക്കൌണ്ട് സൂക്ഷിക്കുന്നു. സർക്കുലറിന് വിരുദ്ധമായി അക്കൗണ്ടുകൾ സൂക്ഷിക്കുന്നതിനുള്ള വിശദീകരണത്തിൽ, ഗ്രാമ മേഖലയിൽ ആയതിനാൽ ആണ് സഹകരണ ബാങ്കിലും അക്കൗണ്ട് തുടങ്ങിയത് എന്ന വിശദീകരണമാണ് നല്കിയത്.

6)ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂൾ പ്രകാരം 17 ഹെഡുകളിലായി ആസ്തികൾ അക്കൌണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമലേറ്റഡ് ഡിപ്രസിയേഷൻ 10ഹെഡുകളിലായി ആണ് അക്കൌണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. ആയതിനാൽ അദർ ഫിക്സഡ് അസറ്റ് തുക 535689/- ആണെങ്കിലും അതിന്റെ ഡിപ്രസിയേഷൻ ആസ്തി മൂല്യത്തിനേക്കാൾ വളരെ കൂടുതലായി 2334807/ ആയി രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ആസ്തി ഹെഡിനും അനുയോജ്യമായ ഡിപ്രസിയേഷൻ ഹെഡിൽ മാത്രം ഡിപ്രസിയേഷൻ അക്കൌണ്ട് ചെയ്യേണ്ടതും ആസ്തികളുടെ കാലപ്പഴക്കം അനുസരിച്ച് ഡിപ്രസിയേഷന്റെ കൃത്യത ഉറപ്പുവരുത്തുന്നില്ല. അനുയോജ്യമായ അക്കൌണ്ട് ഹെഡ് ഇല്ലാത്തതിനാൽ ആണ് ഇത്തരത്തിൽ അപാകത ഉണ്ടാകുന്നത് എന്നാണ് വിശദീകരണം നൽകിയത്.

7) ബി-3 ഷെഡ്യൂളിൽ പ്രകാരമുള്ള ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുത്താനാവുന്നില്ല. പൊരുത്തപ്പെടുത്താനാവുന്ന വിധം നീക്കിയിരുപ്പ് തുക പ്രത്യേക ബാങ്ക് അക്കൌണ്ടിൽ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8) വാർഷിക കണക്കുകളിലെ തുകളെ സാധൂകരിക്കുന്ന പല രജിസ്റ്ററുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ, രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. എന്ക്വയറിക്കുള്ള മറുപടിയിൽ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്.

9) സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.(ലൈസൻസ്, തൊഴിൽ നികുതി, പെർമിറ്റ് രജിസ്റ്റർ മുതലായവ.)എന്ക്വയറിക്കുള്ള മറുപടിയിൽ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു

10) ഇ പേയ്മെന്റ് വരവ് അതത് മാസം അക്കൌണ്ട് ചെയ്യുകയോ, റികൺസൈൽ ചെയ്യുകയോ ചെയ്യുന്നില്ല.എൻക്വയറിക്കുള്ള മറുപടിയിൽ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു

11) ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. എൻക്വയറിക്കുള്ള മറുപടിയിൽ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു.

22-6-2021 ലെ 1ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു .

## 1-13 ഗ്രാമസഭ നിയമപ്രകാരം ചേരുന്നില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 -(3) ൽ നിർദ്ദേശിച്ചിട്ടുള്ള വിധം മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭ ചേരേണ്ടതാണ്. എന്നാൽ ഗ്രാമസഭാ മിനിട്സ് പരിശോധിച്ചതിൽ നവംബർ 2019, ഫെബ്രുവരി 2020 എന്നീ മാസങ്ങളിലായി 2019-2020 വർഷം രണ്ടുതവണ മാത്രമാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളതെന്ന് കാണുന്നു. ചില വാർഡുകളിലെ ഗ്രാമസഭകളിൽ മാത്രമാണ് പദ്ധതിരൂപീകരണം സംബന്ധിച്ച് ക്രിയാത്മക നിർദ്ദേശങ്ങൾ വന്നിട്ടുള്ളത്. ഗ്രാമസഭ കൂടുന്നത് സംബന്ധിച്ച മേൽ നിയമം പാലിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ഗ്രാമസഭ

ഗ്രാമസഭായോഗങ്ങളിലേക്ക് ബ്ളോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് അംഗങ്ങളെ നിർബന്ധമായും ക്ഷണിക്കേണ്ടതാണെന്ന് ഗ്രാമസഭയുടെ സംഘാടനം സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് പുറപ്പെടുവിച്ച 37806/എൽ3/98 ത.ഭ.വ. തീയതി 10.09.1998 സർക്കുലറിൽ വ്യക്തമാക്കുന്നു. എന്നാൽ തൻവർഷം നടന്ന ഗ്രാമസഭായോഗങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ പ്രാതിനിധ്യം ഉണ്ടായിരുന്നതായി കാണുന്നില്ല. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ നിർബന്ധിതവിഹിതം കൂടി ചേർത്ത് നടപ്പാക്കേണ്ട പല പദ്ധതികളും ഗ്രാമപഞ്ചായത്തിന് ഉള്ളതിനാൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പ്രതിനിധികളുടെ പ്രാതിനിധ്യം ഗ്രാമസഭകളിൽ ഉണ്ടാകുന്നതിന് ശ്രദ്ധവയ്ക്കേണ്ടതാണ്.

## 1-14-1 ജനപ്രതിനിധികളും ഉത്തരവാദിത്തങ്ങളും

പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മെംബർമാർ എന്നിവർ അവരുടെ ഉത്തരവാദിത്തങ്ങളും ചുമതലകളും കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവ കൃത്യമായി യോഗം ചേരുകയും യോഗമിനിട്ട്സ് യഥാവിധി എഴുതി ക്ലോസ് ചെയ്ത് സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭാ യോഗങ്ങളുടെ മിനിട്ട്സ് പൂർത്തീകരിച്ച് കൺവീനറും കോ ഓർഡിനേറ്ററും ഒപ്പുവച്ച് സൂക്ഷിച്ചിട്ടുണ്ട്.

.

## 1-14-2 ഓഫീസ് മാനേജ്മെന്റ്

വൗച്ചറുകളും ഫയലുകളും വളരെ കൃത്യമായി സൂക്ഷിച്ച് ഓഡിറ്റിന് ഹാജരാക്കി. റെക്കോർഡ് റൂം സജ്ജമാക്കിയിട്ടുണ്ട്. രജിസ്റ്ററുകൾ പൊതുവെ എഴുതി സൂക്ഷിക്കുന്നുണ്ട്.

<u>സ്യൂട്ട് രജിസ്റ്റർ</u>

സ്യൂട്ട് രജിസ്റ്ററിൽ കേസുകളുടെ മുഴുവൻ വിവരങ്ങളും ചേർത്ത് പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ഡെപ്പോസിറ്റ് രജിസ്റ്റർ</u>

ഡെപ്പോസിറ്റ് രജിസ്റ്ററിൽ 2006 മുതലുള്ള ഡെപ്പോസിറ്റുകൾ നിലനിൽക്കുന്നതായി കാണുന്നു. സമയപരിധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14-3 പൗരാവകാശരേഖ

1994 ൽ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നെങ്കിലും പൗരന്മാർക്കുള്ള അവകാശങ്ങൾ എന്ന 272 എ വകുപ്പ് നിയമത്തിൽ ഉൾപ്പെടുത്തിയത് 1999 ലെ 13-ാം ഭേദഗതി ആക്റ്റിലൂടെയാണ്. ഈ വകുപ്പിനോട് 254-ാം വകുപ്പ് കൂട്ടി വായിച്ച

പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് ചട്ടം ഉണ്ടാക്കിയിരിക്കുന്നത് 2004 മെയ് 17 നാണ്. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ താമസിക്കുന്ന പൗരന്മാർക്ക് പഞ്ചായത്ത് നൽകാമെന്ന് വാഗ്ദാനം ചെയ്യുന്ന സേവനങ്ങളും അവ ലഭ്യമാക്കുന്നതിന് പാലിക്കേണ്ട വ്യവസ്ഥകളും സമയപരിധിയും വിവരിക്കുന്ന പൗരാവകാശരേഖ പൊതുതിരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ ഭരണസമിതി നിലവിൽ വന്നാൽ 6 മാസത്തിനകം പ്രസിദ്ധീകരിക്കുകയും വർഷത്തിലൊരിക്കൽ പുതുക്കുകയും വേണം. ഒരിക്കൽ പ്രസിദ്ധീകരിച്ച പൗരാവകാശരേഖയ്ക്ക് ആ ഭരണസമിതിയുടെ കാലാവധിക്ക് ശേഷം പുതിയഭരണ സമിതി നിലവിൽ വന്ന് ആറുമാസത്തിനുള്ളിൽ പുതിയ രേഖ പ്രസിദ്ധീകരിക്കും വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. നിയമാനുസൃത സമയപരിധിക്കുള്ളിൽ പൗരാവകാശരേഖ പ്രസിദ്ധീകരിക്കുകയും പുതുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് വാഗ്ദാനം ചെയ്യുന്ന സേവനങ്ങളെ സംബന്ധിച്ച് വ്യക്തമായും ലളിതമായും പൗരാവകാശരേഖ പ്രതിപാദിക്കുന്നുണ്ട്.

## 1-14-4 ഫ്രണ്ട് ഓഫീസ്

ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കുകയും കൃത്യമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

## 1-14-5 ഐ എസ് ഒ

ഐ എസ് ഒ സർട്ടിഫിക്കേഷൻ 2018 ജൂൺ 17 ന് ലഭിച്ചു.

## 1-15 വിവരാവകാശം

തൻവർഷം 121 വിവരാവകാശ അപേക്ഷകൾ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. നിയമാനുസൃത സമയപരിധിക്കുള്ളിൽ മറുപടി നൽകിയതായി രജിസ്റ്ററിന്റെ പരിശോധനയിൽ വ്യക്തമാകുന്നു.

## 1-16 സേവനാവകാശം

സേവനം ലഭ്യമാകേണ്ട കാലപരിധിയ്ക്കുള്ളിൽ സേവനങ്ങൾ നൽകിയിട്ടുണ്ട്. സ്ഥാപനത്തിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങളുടെ വിവരം സംബന്ധിച്ച ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

## 1-17 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

## 1-17-1 ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കിയില്ല

സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം കെട്ടിട നമ്പർ ഉള്ള താഴെപ്പറയുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി എന്നിവ അടവാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര്, സ്ഥാപനം |
|---|---|---|
| 1 | 6/106 A | ടി.എം തങ്കച്ചൻ, ഗ്യാലക്സി (സ്ഥാപന തൊഴിൽ നികുതി മാത്രം ഈടാക്കിയിട്ടില്ല) |
| 2 | 8/85 B | ലാലി ജോർജ്ജ്, പ്രീമിയർ എന്റർപ്രൈസസ് |
| 3 | 8/674 A | കെ.പി രവീന്ദ്രൻ,കേരള ഫർണ്ണീച്ചർ കൺസോർഷ്യം |
| 4 | 9/457 | ജിബി അശോകൻ, ഹരിത പ്ലാസ്റ്റിക് |
| 5 | 17/63 | ഹരിപ്രിയ ജയകുമാർ, പ്രിയ ഇൻഡസ്ട്രീസ് |
| 6 | 5/135 A | എം.എ രവീന്ദ്രൻ, മാന്തോപ്പിൽ ഫുഡ് പ്രോഡക്ട്സ് |
| 7 | 8/867 A | രഞ്ജിത്ത് കുമാർ ടി, ഗോൾഡൻ പ്ലാസ്റ്റിക്സ് |
| 8 | 9/589 | ബേബി തേനൻ, എസി പോളിമേഴ്സ് |
| 9 | 13/115 | വേണുഗോപാൽ, വേണു ഇൻഡസ്ട്രീസ് |
| 10 | 19/581 C | സത്യലക്ഷ്മി, കൈരളി കാർട്ടൻസ് |

| | | |
|---|---|---|
| 11 | 17/608 | സുശീൽ വിജയ് അറോറ, പഞ്ചമി ഓയിൽ മിൽസ് |

## 1-17-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2019-20 ൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് (ഡി & ഒ ലൈസൻസ്) എടുത്തിരിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഡി & ഒ ലൈസൻസ് രജിസ്റ്റർ ക്രമ നം. | ഉടമസ്ഥന്റെ പേര്, സ്ഥാപനം |
|---|---|---|
| 1 | 41 | കദീജബീവി കെ.എം, എം.എ.എം പോളിമേഴ്സ് |
| 2 | 192 | രജീഷ് ബി, കാവേരി ട്രേഡിംഗ് കമ്പനി |
| 3 | 199 | എം.എസ് കുഞ്ഞുമുഹമ്മദ്, എവറസ്റ്റ് ഗ്രാനൈറ്റ്സ് |
| 4 | 257 | ജോൺ വല്ലൂരാൻ, ആർ ഇന്റർനാഷണൽ ഇന്ത്യ പ്രൈ. ലി |
| 5 | 288 | ഷൈജു എം.പി, പ്രീയം ക്വാറി |
| 6 | 315 | ആബിൽ ബേബി, വി.ജെ ഇൻഡസ്ട്രീസ് |
| 7 | 323 | സെയ്തുമുഹമ്മദ് പി.കെ, എ.ബി.സി പ്ലാസ്റ്റിക്സ് |
| 8 | 356 | ജെയ്സൺ വർഗ്ഗീസ്, ജെ.വി റോക് പ്രോഡക്ട്സ് |

തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭിക്കുന്നതിനായി 24.06.2021ൽ നൽകിയ എൻക്വയറി നം. 13-ന് തൊഴിൽ നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് 25.06.2021-ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യാവൂ എന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

2019-20 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ സ്വീകരിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിരിക്കുന്നത് . വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 16/154 B | പ്രവീൺ പോൾ, ഉപ്പാൻ വീട്, | വാണിജ്യം |

| | | | |
|---|---|---|---|
| | മുതൽ E വരെ | കുവപ്പടി | |
| 2 | 16/483 A, B | സുരേഷ്, പടിയ്ക്കൽ, പടിക്കൽപാറ | വാണിജ്യം |
| 3 | 16/154 P, G | പൗലോസ്, ഉഴുപ്പാൻ, കുവപ്പടി പി.ഒ | പാർപ്പിടം & വാണിജ്യം |
| 4 | 19/485 C | ജെയിംസ് റാഫേൽ, മൂഞ്ഞേടൻ, എ◌െമുറി, കുവപ്പടി പി.ഒ | വ്യവസായം |
| 5 | 19/491 C, D | ഫിലോമിന, ചെങ്ങലാൻ, കുവപ്പടി | വ്യവസായം |
| 6 | 19/401 A | ജോൺസൺ, പതപ്പിള്ളി, പൊതിയാക്കര, യോർദ്ദനാപുരം പി.ഒ | വാണിജ്യം |
| 7 | 19/622 A മുതൽ Iവരെ | തങ്കമ്മ & Ors, പൈനാട്ട്, കുവപ്പടി | വാണിജ്യം |
| 8 | 17/528 E മുതൽ Qവരെ | യോയാക്കി & ഏല്യാമ്മ യോയാക്കി, ചെങ്ങമനാടൻ, കുവപ്പടി | വാണിജ്യം |
| 9 | 17/232 Aമുതൽ Zവരെ | കൃഷ്ണൻകുട്ടി നായർ & ശ്യാമള കെ നായർ, അമ്പാട്ട്, കോടനാട് | വാണിജ്യം |
| 10 | 17/215A | ജോർജ്ജ് എ.എൽ, ആട്ടുകാരൻ, മാവേലിപ്പടി, കുവപ്പടി | വാണിജ്യം |
| 11 | 20/420 A | ഡിക്സൺ പി.വി. പുത്തൻ വീട്ടിൽ, പത്താൻ നഗർ, ബാംഗ്ലൂർ | പാർപ്പിടം |
| 12 | 3/74 A | റോബിൻ ജോസഫ്, തോട്ടങ്കര, ചേരാനല്ലൂർ പി.ഒ | പാർപ്പിടം |
| 13 | 2/144A | അമൽ ആന്റണി, വടക്കേപുറത്താൻ, ചേരാനല്ലൂർ പി.ഒ | പാർപ്പിടം |
| 14 | 9/315 A | ആശ ലെനിൻ, നെല്ലിപറമ്പിൽ, കുറിച്ചിലക്കോട്, കോടനാട് പി.ഒ | വ്യവസായം |
| 15 | 12/16 A | തങ്കപ്പൻ, മോളത്ത്, ഇളമ്പകപിള്ളി പി.ഒ | വ്യവസായം |
| 16 | 12/118 B | ജോസ് ടി.പി, തേലക്കാടൻ, ആയത്തുപടി, കുവപ്പടി പി.ഒ | വ്യവസായം |
| 17 | 8/867 A | രഞ്ചിത്ത് കുമാർ ടി, തോട്ടുങ്കൽ അരുൺ നിവാസ്, ഒക്കൽ | വ്യവസായം |
| 18 | 8/433 B | പ്രസാദ് കെ.പി, കോട്ടക്കുടി, വടക്കാമ്പിള്ളി, കോടനാട് പി.ഒ | പാർപ്പിടം |
| 19 | 4/311 A,B | ലാല്യ പോൾ, തേലക്കാടൻ, ചേരാനല്ലൂർ | വ്യവസായം & ഓഫീസ് |
| 20 | 3/158 C | റോക്കി, പുത്തൻകുടി, ചേരാനല്ലൂർ | വാണിജ്യം |
| 21 | 3/74 A | റോബിൻ ജോസഫ്, തോട്ടങ്കര, ചേരാനല്ലൂർ | പാർപ്പിടം |
| 22 | 6/242 C | റോയി, പള്ളിക്കര വീട്, കുറിച്ചിടക്കോട് | വ്യവസായം |
| 23 | 5/93 B | മാർട്ടിൻ സി ചാക്കോ, ചിരപറമ്പിൽ, കുവപ്പടി പി.ഒ | പാർപ്പിടം |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായി മുകളിൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 24.06.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 12 ന് എല്ലാ കെട്ടിട ഉടമസ്ഥർക്കും നോട്ടീസ് നൽകി നികുതി റിട്ടേൺ വാങ്ങി ഫയലിൽ ഉൾക്കൊള്ളിക്കുന്നതാണ് എന്ന് 25.06.2021-ൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിട ഉടമസ്ഥരിൽ നിന്ന് നികുതി റിട്ടേൺ പകർപ്പ് ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ഇത് സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 വസ്തുനികുതി നിർണ്ണയം-അപാകത

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവിന് വിധേയമായി ഗ്രാമ പഞ്ചായത്ത് റിസോർട്ട് വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരു ചതുരശ്ര മീറ്ററിന് 90/-രൂപയാണ് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ 4-ാം വാർഡിൽ പ്രവർത്തിക്കുന്ന ആകെ 718.2 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണവുമുള്ള റിവർ വ്യൂ റിസോർട്ട്, കുറിച്ചിലക്കോട്, കോടനാട് എന്ന കെട്ടിടത്തിന്റെ ഉപയോഗക്രമം റിസോർട്ട് ഗണത്തിൽ വരുന്നതിന് പകരം പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി നികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളത്. റിസോർട്ട് വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരു ചതുരശ്ര മീറ്ററിന് 90/-രൂപ ഈടാക്കുന്നതിന് പകരം പാർപ്പിട ആവശ്യത്തിന് നിശ്ചയിച്ചിട്ടുള്ള ഒരു ചതുരശ്ര മീറ്ററിന് 4/- രൂപ പ്രകാരമാണ് നിലവിൽ ഈടാക്കിവരുന്നത്. ഇതുപ്രകാരം വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിനെ വിവിധ മുറികളായി തിരിച്ച് പ്രത്യേകമായി നമ്പർ അനുവദിച്ചിട്ടുള്ളതിന്റെ 2011 മുതലുള്ള വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽ വിലാസം | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.) | കെട്ടിടത്തിന്റ ഉപയോഗക്രമം |
|---|---|---|---|---|
| 1 | 4/465-A | ഷീബ തോമസ്, സൺവ്യൂ, കുറിച്ചിലക്കോട് | 39.02 | പാർപ്പിടം |
| 2 | 4/465- | ഷീബ തോമസ്, സൺവ്യൂ, കുറിച്ചിലക്കോട് | 39.02 | പാർപ്പിടം |
| 3 | 4/465- | ഈപ്പൻ മാർട്ടിൻ, തെക്കേകണ്ടത്തിൽ, കുറിച്ചിലക്കോട് | 39.02 | പാർപ്പിടം |
| 4 | 4/465- | നിഷ എൻ നമിത, കണ്ണാമുറി, അശോക റോഡ്, കൊച്ചി-17 | 39.02 | പാർപ്പിടം |
| 5 | 4/465- | റോസ്മി ചെറിയാൻ, പുത്തൻപുരയിൽ, പാല | 78 | പാർപ്പിടം |
| 6 | 4/465- | നിഷ എൻ നമിത, കണ്ണാമുറി, അശോക റോഡ്, കൊച്ചി-17 | 39.02 | പാർപ്പിടം |
| 7 | 4/465- | ബെൽസിത ജേക്കബ്, സൺവ്യൂ, ചെമ്പ്മുക്ക് | 39.02 | പാർപ്പിടം |
| 8 | 4/465- | റോസ്മി ചെറിയാൻ, പുത്തൻപുരയിൽ, പാല | 39.02 | പാർപ്പിടം |
| 9 | 4/465- | തോമസ് ജോസഫ്, സൺവ്യൂ അപ്പാർട്ട്മെന്റ്, സബർമതി റോഡ്, പാലാരിവട്ടം പി.ഒ, കൊച്ചി-24 | 78 | പാർപ്പിടം |
| 10 | 4/465- | തോമസ് ജോസഫ്, സൺവ്യൂ അപ്പാർട്ട്മെന്റ്, സബർമതി റോഡ്, പാലാരിവട്ടം പി.ഒ, കൊച്ചി-24 | 39.02 | പാർപ്പിടം |
| 11 | 4/465- | തോമസ് ജോസഫ്, സൺവ്യൂ അപ്പാർട്ട്മെന്റ്, സബർമതി റോഡ്, പാലാരിവട്ടം പി.ഒ, കൊച്ചി-24 | 39.02 | പാർപ്പിടം |
| 12 | 4/465- | തോമസ് ജോസഫ്, സൺവ്യൂ അപ്പാർട്ട്മെന്റ്, സബർമതി റോഡ്, പാലാരിവട്ടം പി.ഒ, കൊച്ചി-24 | 39.02 | പാർപ്പിടം |
| 13 | 4/465- | തോമസ് ജോസഫ്, സൺവ്യൂ അപ്പാർട്ട്മെന്റ്, സബർമതി റോഡ്, പാലാരിവട്ടം പി.ഒ, കൊച്ചി-24 | 115.2 | പാർപ്പിടം |
| 14 | 4/465- | തോമസ് ജോസഫ്, സൺവ്യൂ അപ്പാർട്ട്മെന്റ്, സബർമതി റോഡ്, പാലാരിവട്ടം പി.ഒ, കൊച്ചി-24 | 19 | പാർപ്പിടം |
| 15 | 4/465- | തോമസ് ജോസഫ്, സൺവ്യൂ അപ്പാർട്ട്മെന്റ്, സബർമതി റോഡ്, പാലാരിവട്ടം പി.ഒ, കൊച്ചി-24 | 19 | പാർപ്പിടം |
| 16 | 4/465- | തോമസ് ജോസഫ്, സൺവ്യൂ അപ്പാർട്ട്മെന്റ്, സബർമതി റോഡ്, പാലാരിവട്ടം പി.ഒ, കൊച്ചി-24 | 19 | പാർപ്പിടം |
| ആകെ | | | 718.2 | |

ഈ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം നടത്തിയതുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി 25.06.2021-ൽ ഓഡിറ്റ് എൻക്വയറി (നം. 14) നൽകിയിരുന്നെങ്കിലും പ്രസ്തുത ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. നിലവിൽ റിസോർട്ട് ആയി പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നികുതി പരിഷ്ക്കരിച്ച് ടി കെട്ടിടത്തെ റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി പരിഷ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് 25.06.2021 ൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് കണ്ടെത്തി വസ്തുനികുതി പുനർ നിർണ്ണയിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന അൺ ഓതറൈസ്ഡ് (യു.എ) രജിസ്റ്ററിൽ 2019-20 വർഷം വരെ വിവിധ വാർഡുകളിലായി പാർപ്പിടം, വാണിജ്യം എന്നീ ആവശ്യങ്ങൾക്കായി അനധികൃതമായി നിർമ്മിച്ചിട്ടുള്ള ആകെ 84 കെട്ടിടങ്ങളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം യു.എ നമ്പരിൽ ആകെ 34 കെട്ടിടങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 235എഎ- നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ഈടാക്കൽ-(1) ഈ ആക്റ്റിലോ അതിൻ കീഴിലോ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന നടപടിക്ക് ഹാനി കൂടാതെ, കെട്ടിടംപണി പൂർത്തിയാക്കുകയോ അത് 203-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, വസ്തുനികുതിയായി നൽകുവാൻ ആയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

യു.എ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽ നിന്ന് 2019-20 സാമ്പത്തിക വർഷം ലഭിച്ച വസ്തുനികുതിയുടെ വിവരവും നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി കാലികമാക്കാതിരുന്നതിന്റെ കാരണവും ലഭ്യമാക്കുന്നതിനായി 25.06.2021-ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15) രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി നികുതി ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന് 25.06.2021 ൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-21 പെർമിറ്റ് ഫീ -അപാകത

2019-20 വർഷം റസീപ്റ്റ് നം 119100102553 തീ 17-7-19 പ്രകാരം സെക്രട്ടറി ശ്രീനാരായണ ഗുരുകുലത്തിന്റെ പേരിൽ ബിൽഡിങ്ങ് പെർമിറ്റ് ഫീസ് ഇനത്തിൽ 72415/- രൂപ വരവുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമായില്ല. ഫയൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-22 വ്യവസായം, വാണിജ്യം സംരംഭകത്വം, മറ്റ് സേവനങ്ങൾക്കുമുള്ളലൈസൻസ് ഫീ-അപാകതകൾ

1. സാംഖ്യാ അക്കൌണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം തന്നെ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുന്നില്ല. രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തയ്യാറാക്കി ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ, ബാലൻസ് എന്നിവയുമായി റീകൺസൈൽ ചെയ്യുന്നില്ല. ആയതിനാൽ ഡി സി ബി-യുടെ കൃത്യത ഉറപ്പാക്കുവാനാകുന്നില്ല.

2. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി ലിസ്റ്റിലെ ക്രമ പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിലൂടെ മാത്രമേ മുൻവർഷത്തെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുകയുള്ളൂ. ആയതിനാൽ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി ലിസ്റ്റിലെ ക്രമ പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി തയ്യാറാക്കുന്ന എന്ന് ഉറപ്പാക്കി അറിയിക്കേണ്ടതാണ്.

3. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും

മേൽ ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം പുതിയ ഷെഡ്യൂൾ 2 ആണ് ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതു പ്രകാരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. മേൽ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനായും ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനായി സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപം കണക്കാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കേണ്ടതും പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കേണ്ടതുമാണ് . 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-15 പ്രകാരം ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല എന്നറിയിച്ചു. സർക്കാർ ഉത്തരവ് പ്രകാരം തീരുമാനം എടുത്ത് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

4. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കുന്നത് എന്നറിയിച്ചു എങ്കിലും അപേക്ഷകളിൽ അപേക്ഷകൻ മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധനാ റിപ്പോർട്ടിൽ മൂലധനം രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. 2019-20 വർഷത്തിലും കൃത്യമായ മാനദണ്ഡമില്ലാതെ ലൈസൻസ് ഫീസ് ഈടാക്കുന്നതായും പരമാവധി നിരക്കിനേക്കാൾ കുറഞ്ഞനിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതായും കാണുന്നു.

5.അഞ്ച് വർഷത്തേക്ക് ലൈസൻസ് നല്കുന്ന സ്ഥാപനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള അഡ്വാൻസ് വിശദാംശങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി റീകൺസൈൽ ചെയ്ത് കൃത്യത ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

6. പഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ എണ്ണവും ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിലും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. 2018-19 വർഷം ആകെ 553 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിരുന്നത് എങ്കിൽ 2019-20 വർഷം 652 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല എന്ന് ഇത് വ്യക്തമാക്കുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് പ്രാദേശിക പരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതുമാണ്.

അപാകതകൾക്കുള്ള 24-6-21ലെ 11ാം നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പനുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്നറിയിച്ചു.

## 1-23 വക്കീൽ ഫീസ് നൽകിയതിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് കക്ഷി ആയ വിവിധ കേസുകളുടെ നടത്തിപ്പിനായി ആകെ 120500/- രൂപ വക്കീൽ ഫീസിനത്തിൽ ചെലവ് വന്നിട്ടുണ്ട്. വക്കീൽ ഫീസ് നൽകിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

## 1-23-1 ഹാജരാകാത്ത കേസിന് വക്കീൽ ഫീസ് നൽകി-തുക നിരാകരിക്കുന്നു

പഞ്ചായത്തിലെ മൂന്നാം വാർഡിൽ ഉൾപ്പെട്ട കോടനാട് വില്ലേജിൽ 12/4, 12/6 സർവേ നമ്പർ പ്രകാരമുള്ള സ്ഥലത്ത് മൊബൈൽ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട കേസിൽ പഞ്ചായത്തിനും പഞ്ചായത്ത് കമ്മിറ്റിക്കും വേണ്ടി ഹാജരാകാതിരുന്നിട്ടും വക്കീൽ ഫീസിനത്തിൽ വൌച്ചർ നമ്പർ 21900144 തീയതി 01.06.2019 പ്രകാരം 10000/- രൂപ വക്കീലായ അഡ്വ.മുദുൽ വി ജോണിന് നൽകിയിട്ടുണ്ട്. ഈ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദവിവരം ഖണ്ഡിക നമ്പർ 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-23-2 ആദായനികുതി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തില്ല

വൌച്ചർ നമ്പർ 21900243 തീയതി 19.07.2019, വൌച്ചർ നമ്പർ 21201061 തീയതി 07.03.2020 എന്നിവ പ്രകാരം യഥാക്രമം 20000/-രൂപ, 60000/-രൂപ എന്നിങ്ങനെ ആകെ 80000/- രൂപ വിവിധ കേസുകളിലായി അഡ്വ. ആർ രഞ്ജിത്തിന് നൽകിയിട്ടുണ്ടെങ്കിലും 1961 ലെ ആദായനികുതി നിയമം വകുപ്പ് 194 J പ്രകാരം 30000/-രൂപയിൽ അധികം വക്കീൽ ഫീസിനത്തിൽ നൽകിയിട്ടുള്ളതിൽ നിന്ന് കുറവ് ചെയ്യേണ്ട 10% ആദായനികുതി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തതായി കാണുന്നില്ല. വിശദ വിവരം ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-24 കുടിവെള്ള വിതരണം-ജി പി എസ് ട്രാക്ക്റെക്കോർഡ് ഹാജരാക്കിയില്ല

പഞ്ചായത്തിൽ 2019 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ള വിതരണം നടത്തിയ ഇനത്തിൽ 141600/- രൂപ ടെൻഡർ ലഭിച്ച ശ്രീമതി.ധന്യ ബിനു എന്ന വ്യക്തിക്ക് വൌച്ചർ നമ്പർ 21900576 തീയതി 06.11.2019 പ്രകാരം നൽകിയിട്ടുണ്ട്. വാട്ടർ അതോറിട്ടിയിൽ നിന്ന് ഒരു ട്രിപ്പിന് 2200/- രൂപയും കിണറുകളിൽ നിന്ന് ട്രിപ്പിന് 1500/- രൂപയുമാണ് ടെൻഡർ പ്രകാരമുള്ള നിരക്ക്. വാട്ടർ അതോറിട്ടിയിൽ നിന്ന് 3 ട്രിപ്പും കിണറിൽ നിന്ന് 90 ട്രിപ്പുമാണ് വെള്ളം വിതരണം നടത്തിയിട്ടുള്ളത്. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25.03.2019 ലെ സി5-3097/2018 നമ്പർ ഉത്തരവ് പ്രകാരം ജില്ലാതലത്തിൽ റവന്യൂ, പഞ്ചായത്ത് അധികാരികൾക്ക് മോണിറ്ററിംഗ് നടത്തുവാൻ കഴിയുന്ന തരത്തിൽ ജി പി എസ് സംവിധാനത്തോടുകൂടിയ വാഹനങ്ങളാണ് കുടിവെള്ള വിതരണത്തിനായി ഏർപ്പെടുത്തേണ്ടത്. വൌച്ചർ നമ്പർ 2190052/25.04.2019 പ്രകാരം 4800/-

രൂപ ചെലവിൽ കുടിവെള്ള വിതരണത്തിനുള്ള വാഹനത്തിൽ ജി പി എസ് ഘടിപ്പിച്ചിരുന്നു. ആകെ മൂന്ന് ദിവസങ്ങളിൽ മാത്രമാണ് വാട്ടർ അതോറിട്ടിയിൽ നിന്ന് കുടിവെള്ളം ലഭ്യമാക്കിയിട്ടുള്ളത്. വാട്ടർ സാംപിൾ ടെസ്റ്റ് ചെയ്ത് വിതരണയോഗ്യമാണെന്ന് സാക്ഷ്യപത്രം ലഭിച്ചിട്ടുള്ള കിണറ്റിൽ നിന്ന് തന്നെയാണ് മറ്റ് ദിവസങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളതെന്ന് ഉറപ്പാക്കുന്നതിന് ഈ ദിവസങ്ങളിലെ വാഹനത്തിന്റെ ജി പി എസ് ട്രാക്ക് റെക്കോർഡ് ഫയലിൽ ചേർത്തിട്ടില്ല. വാട്ടർ അതോറിട്ടിയിൽ നിന്ന് മറ്റ് ദിവസങ്ങളിൽ ജലം ലഭ്യമാകില്ലെന്ന് രേഖാമൂലം അറിയിപ്പ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖയും ഫയലിൽ ഇല്ല. കരാർ തുകയിൽ നിന്ന് 1961 ലെആദായനികുതി നിയമം, വകുപ്പ് 194സി പ്രകാരം 1% ആദായനികുതി ഈടാക്കേണ്ടതായിരുന്നുവെങ്കിലും 1416/- രൂപ ആദായനികുതിയും ബിൽത്തുകയിൽ നിന്ന് ഈടാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 24.06.2021 ലെ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വാഹനത്തിൽ ജി പി എസ് ഘടിപ്പിച്ചിരുന്നെങ്കിലും സാങ്കേതിക തകരാറ് മൂലം ട്രാക്ക്റെക്കോർഡ് എടുക്കുന്നതിന് സാധിച്ചില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഇക്കാര്യം റിപ്പോർട്ട് ചെയ്യുകയോ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചതായോ കാണുന്നില്ല. കുടിവെള്ള വിതരണം സുതാര്യമായും കാര്യക്ഷമമായും കരാറുകാരൻ നടത്തുന്നുവെന്ന് ഉറപ്പ് വരുത്താനായാണ് ഈ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നിരിക്കെ ഇത് ഉറപ്പാക്കാൻ പഞ്ചായത്ത് ശ്രമിച്ചില്ലായെന്നത് ഗുരുതരമായ വീഴ്ചയാണ് . ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും ആദായനികുതിയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക 1416/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-25 ദുരന്തനിവാരണ ആസൂത്രണരേഖ-കിലയിൽ നിന്ന് തുക ലഭ്യമായില്ല

ദുരന്തനിവാരണ ആസൂത്രണരേഖ തയ്യാറാക്കൽ 4ാം ഘട്ട വാർഡുതല ടീമിനുള്ള പരിശീലന പരിപാടി 03.02.2020 ,04.02.2020 തീയതികളിൽ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. ആസൂത്രരേഖ സർക്കാർ നിർദ്ദേശപ്രകാരം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. വൌച്ചർ നമ്പർ 21900925 തീയതി 05.02.2020 പ്രകാരം 2300/-രൂപയും, വൌച്ചർ നമ്പർ 21901001 തീയതി 03.03.2020 പ്രകാരം 15935/-രൂപയും ഉൾപ്പെടെ ആകെ18235/- രൂപയാണ് പരിശീലന പരിപാടിക്കായി ചെലവ് വന്നിരിക്കുന്നത്. സർക്കാർ ഉത്തരവ് നം. 179/2020 തസ്വഭവ തീയതി 06.01.2020 പ്രകാരം ക്ലാസുകൾ എടുത്തത് കിലയിൽ നിന്നുള്ള റിസോഴ്സ് പേഴ്സൺ ആണ്. റിസോഴ്സ് പേഴ്സൺന്റെ ഓണറേറിയം, യാത്രപ്പടി, പരിശീലനത്തിൽ പങ്കെടുത്തവർക്കുള്ള റിഫ്രഷ്മെന്റ് ചാർജ് (ഒരാൾക്ക് പരമാവധി 120/-രൂപ) എന്നീയിനത്തിൽ ചെലവായ 18235/- രൂപയും കിലയിൽ നിന്ന് പഞ്ചായത്തുഫണ്ടിലേക്ക് തിരികെ ലഭ്യമാകേണ്ടതാണ്. ഈ തുക ലഭ്യമായിട്ടുണ്ടോ എന്ന വിവരം ഓഡിറ്റിൽ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 23.06.2021 ലെ 3ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തുക ലഭ്യമായിട്ടില്ല എന്നാണ് പഞ്ചായത്ത് മറുപടി നൽകിയിട്ടുള്ളത്. കിലയിൽ നിന്ന് തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 ആശ്രയ പദ്ധതി-തിരികെ ഈടാക്കിയ തുക സർക്കാരിലേക്ക് അടവാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആശ്രയ പദ്ധതി |
| പ്രോജക്ട് നം | S245/20 |
| അടങ്കൽ | 200000/- (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 175000/- |
| ബിൽ നമ്പർ | 7/19-20 തീയതി 19-12-19 തുക 100000/-<br>21/19-20 തീയതി 31.03.2020 തുക75000/- |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ആശ്രയ പദ്ധതിയിൽ ഭവനപുനരുദ്ധാരണത്തിനായി 50,000/- രൂപ വീതം നാല് കുടുംബങ്ങൾക്ക് ആനുകൂല്യം നൽകുവാനാണ് ഉദ്ദേശിച്ചിരുന്നത്. 25000/- രൂപ വീതം മുൻകൂർ കൈപ്പറ്റിയ നാല് ഗുണഭോക്താക്കളിൽ ശ്രീമതി ത്രേസ്യ വറീത്, ചിരപ്പറമ്പിൽ വീട്, കോടനാട് എന്ന വ്യക്തി ഭവനപുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ 03.03.2021 ൽ രസീത് നമ്പർ 120100106497 മുഖേന തുക തിരികെ അടവാക്കിയിരുന്നു. എന്നാൽ ഈ തുക സർക്കാരിലേക്ക് അടവാക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. തുക നാളിതുവരെ സർക്കാരിലേക്ക് അടവാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 23.06.2021 ലെ 2ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും ലഭ്യമാക്കിയില്ല. തിരികെ ഈടാക്കിയ 25000/- രൂപ സർക്കാരിലേക്ക് അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 വായനശാലയ്ക്ക് പുസ്തകം, ഫർണിച്ചർ എന്നിവ വാങ്ങൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 26/20 |
| പ്രോജക്ട് | വായനശാലയ്ക്ക് ധനസഹായം,പുസ്തകം,റാക്ക് വാങ്ങുന്നതിന് |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ<br>ഗവ.എൽ.പി.സ്കൂൾ |
| അടങ്കൽ | 100000/- |
| | |

| | |
|---|---|
| ചെലവ് | 99000/- |
| ബിൽ.നം | 1 /6.03.2020 തുക 76000/-<br>ചെക്ക്.നം.5349055/16.03.2020<br>തുക23000/- |

മേൽ പ്രോജക്ടിൽ പഞ്ചായത്തിലെ നാല് വായനശാലകളിലേക്ക് 76000/- രൂപയുടെ പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.സ്റ്റോർ പർച്ചേസ് മാനവൽ ജി.ഒ.പി.നം. 03/2013/എസ്.പി.ഡി തിയതി 21.06.2013 ഖ.7.5 പ്രകാരം ഒരുതവണ 15000/-രൂപയിൽ കൂടുതലുള്ള പുസ്തകങ്ങളും ആനകാലികങ്ങളും വാങ്ങുന്നതിന് പ്രമുഖരായ പ്രസാധകരിൽ നിന്നും പുസ്തക വിൽപ്പനക്കാരിൽ നിന്നും സാധാരണ ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്.പരമാവധി കിഴിവ് രേഖപ്പെടുന്ന ക്വട്ടേഷൻ സമർപ്പിച്ച ആൾക്ക് വാങ്ങൽ ഉത്തരവ് നൽകേണ്ടതാണ്.എന്നാൽ പ്രസ്തുത പ്രോജക്ടിൽ പുസ്തകം വാങ്ങിയിരിക്കുന്നത് ക്വട്ടേഷൻ ക്ഷണിക്കാതെയാണ്.ആയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ 24.06.2021 ലെ 9ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണോദ്യോഗസ്ഥ നൽകിയ മറുപടി പ്രൊജക്ട് നിർവഹണം സംബന്ധിച്ച പരിചയക്കുറവും അറിവില്ലായ്മയും മൂലമാണ് ക്വട്ടേഷൻ ക്ഷണിക്കാതിരുന്നതെന്നും ഏറ്റവും കൂടുതൽ ഡിസ്കൌണ്ട് നൽകാമെന്നറിയിച്ച ഹരിതം ബുക്സിൽ നിന്നാണ് പുസ്തകങ്ങൾ വാങ്ങിയതെന്നുമാണ്. വാങ്ങലുകൾ നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് മാനവലിലെ നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-28 തുടർ സാക്ഷരത- രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S0027/19-20 |
| പ്രോജക്ട് | തുടർ സാക്ഷരത |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി.സ്കൂൾ |
| അടങ്കൽ | 90000/- (തനതുഫണ്ട്) |
| ചെലവ് | 42250/- |
| ബിൽ നം./തിയതി | ചെക്ക് നമ്പർ5349056/<br>തുക-42250/-തിയതി-18.03.2020 |

പത്താംതരം, ഹയർസെക്കൻഡറി തുല്യതാ പരീക്ഷ രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പരീക്ഷ ഫീസ് എന്നിവ അടക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. 9 പത്താംതരം പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസും, കോഴ്സ് ഫീസുമായി 15850/- രൂപയും (13x1750+100 രൂപ ഫൈൻ ഉൾപ്പെടെ), 12 ഹയർ സെക്കന്ററി പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസും, കോഴ്സ് ഫീസുമായി 26400/- രൂപയും (12x2200) ഉൾപ്പെടെ ആകെ 42250/- രൂപ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് അടച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന അപാകതകൾ ഉണ്ട്.

1) സാമൂഹ്യ-സാമ്പത്തിക കാരണങ്ങളാൽ ഔപചാരിക വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയവർക്ക് തുടർപഠനത്തിന് അവസരം ഒരുക്കുകയും, തുല്യതാ പരീക്ഷക്ക് അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. എന്നാൽ, രജിസ്ട്രേഷൻ ഫീസും, കോഴ്സ് ഫീസും അടച്ച പത്താംതരം, ഹയർസെക്കൻഡറി പഠിതാക്കളുടെ പരീക്ഷാ ഫീസ് പദ്ധതിയിൽ നിന്നും അടച്ചിട്ടില്ല. മാത്രമല്ല ഇവർ പരീക്ഷക്ക് ഹാജരായതിന്റെ രേഖകൾ ഫയലിലില്ല.

2) സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയിലേക്ക് രജിസ്ട്രേഷൻ ഫീസും, കോഴ്സ് ഫീസും അടച്ചതിന്റെ രസീത് ഹാജരാക്കിയിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 24.06.2021 ലെ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പരീക്ഷക്ക് ഹാജരായതിന്റെ രേഖകളും ഫീസ് അടച്ചതിന്റെ രസീതും ഹാജരാക്കുന്നതുവരെ 42250/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 വാഹന ഇൻഷുറൻസ് പുതുക്കൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല

വാഹനങ്ങളുടെ ഇൻഷുറൻസ് പുതുക്കുന്നതിനായി 2019-20 വർഷത്തിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

1. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 40 B 7482 നമ്പർ ബൊലേറോ ജീപ്പിന്റെ ഇൻഷുറൻസ് പുതുക്കുന്നതിന് വൌച്ചർ നമ്പർ 21901048 തീയതി 04.03.2020 പ്രകാരം 14220/- രൂപ നാഷണൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകി.
2. പാലിയേറ്റീവ് കെയറിനുള്ള ആംബുലൻസിന്റെ( നം. KL 40 P 5529) ഇൻഷുറൻസ് പുതുക്കുന്നതിന് വൌച്ചർ നം. 21900997 തീയതി 03.03.2020 പ്രകാരം 10909/- രൂപ യുണൈറ്റഡ് ഇൻഡ്യ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിന്

നൽകിയിട്ടുണ്ട്.

കേരള സർക്കാരിനു കീഴിലുള്ള എല്ലാ വാഹനങ്ങൾക്കും കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിന്റെ തേർഡ് പാർട്ടി ഇൻഷുറൻസ് കവറേജ് ഉണ്ടായിരിക്കണമെന്ന് ജി.ഒ(പി) നം 819/2000/ധന തീയതി 18.04.2000 ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ ഈ ഉത്തരവിൽ നിന്ന് വ്യതിചലിച്ച് വാഹനങ്ങൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തിയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ 26.03.2021 ലെ 5ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഫുൾ കവറേജ് ലഭ്യമാകണമെന്ന ഉദ്ദേശ്യത്തിലാണ് ഇത്തരത്തിൽ ഇൻഷുറൻസ് ഏർപ്പെടുത്തിയതെന്നും ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കാമെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി വാഹന ഇൻഷുറൻസ് പുതുക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | 53/20, ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 8,00,000/- (370975/-വികസന ഫണ്ട്-സാധാരണം<br>429025/- തനത് ഫണ്ട്) |
| ചെലവ് | 8,00,000/- |

പതിമൂന്നാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018 തസ്വഭവ തീയതി 14.02.2018, ഖണ്ഡിക നമ്പർ 7.5.3 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതിയിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനായി ആവശ്യമുള്ള മരുന്നുകളുടെ ലിസ്റ്റ് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ കുവപ്പടി സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലേക്ക് ഔഷധങ്ങൾക്കായി സർക്കാരിൽ നിന്നും അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ കൂടുതലായി വേണ്ടി വരുന്ന ഔഷധങ്ങൾ വാങ്ങുന്നതിന് ആവശ്യമായ തുക പഞ്ചായത്തിൽ നിന്നും അനുവദിക്കാവുന്നതാണെന്നുമാണ് ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശിച്ചിട്ടുള്ളത്. ഡിസ്പെൻസറിയിലേക്കാവശ്യപ്പെട്ട മരുന്നുകൾ ലഭ്യമാണോ അല്ലയോ എന്ന് സാക്ഷ്യപ്പെടുത്തുന്നതിന് പകരം ഫണ്ട് അപര്യാപ്തമായതിനാൽ പഞ്ചായത്തിൽ നിന്ന് അനുവദിക്കാവുന്നതാണെന്ന സാക്ഷ്യപത്രം ലഭ്യമാക്കുന്നത് പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായ നടപടിയല്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി മരുന്ന് വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-31 വെള്ളക്കരം കുടിശ്ശിക

കേരളാ വാട്ടർ അതോറിറ്റി നൽകി വരുന്ന ബിൽ പ്രകാരം പഞ്ചായത്ത് പരിധിയിൽ വെള്ളക്കരം ഒടുക്കേണ്ട 539 പൊതു ടാപ്പുകൾ ഉണ്ട്. ടാപ്പ് ഒന്നിന് 437.5 രൂപ നിരക്കിൽ (5250/- പ്രതിവർഷം) 235813/-രൂപയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നത്. പഞ്ചായത്തിൽ അവസാനമായി ലഭിച്ചിരിക്കുന്ന ബില്ല് 2021 ഏപ്രിൽ മാസത്തേതാണ്. 4/2021 ലെ ഡിമാന്റ്, 15.04.2021 ലെ ബിൽ പ്രകാരം താഴെ കാണിക്കും പ്രകാരമാണ്

04/2021 ലെ ഡിമാന്റ് - 247626/-

31.03.2021 വരെയുള്ള കുടിശ്ശിക - 38355100/-

ഫൈൻ -752439/-

ആകെ തുക - 39355165/-

2017 ഏപ്രിൽ മുതൽ പ്രതിമാസ വാട്ടർചാർജ് പഞ്ചായത്ത് അടവാക്കുന്നില്ല. പ്രതിമാസ വാട്ടർ ചാർജായ 247626/- രൂപയുടെ പിഴപ്പലിശ ഉൾപ്പെടെയുള്ള തുകയാണ് നിലവിൽ ഡിമാന്റ് ചെയ്യുന്നത്. പഞ്ചായത്തിന്റെ കണക്ക് പ്രകാരം 360 പൊതുടാപ്പുകളാണ് നിലവിലുള്ളത്. ഇതിൽ 46 എണ്ണം മാത്രം നിലനിർത്തി 314 ടാപ്പുകൾ കട്ട് ചെയ്യുന്നതിന് വാട്ടർ അതോറിട്ടിയുമായി കരാർ ഒപ്പുവച്ച് പ്രവൃത്തി നടന്നുവരുന്നതായാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. കുടിശ്ശിക എഴുതി തള്ളാൻ/ ഒഴിവാക്കി ലഭിക്കാൻ സർക്കാർ, വാട്ടർ അതോറിറ്റി എന്നിവരെ സമീപിക്കേണ്ടതും ടാപ്പുകൾ വിച്ഛേദിക്കുന്ന നടപടി പൂർത്തിയാകുന്ന മുറയ്ക്ക് സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതുമാണ്.

## 1-32 ദുരിതാശ്വാസനിധി പ്രവർത്തനരഹിതം

2003 ലെ കേരളപഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ വ്യവസ്ഥ

ചെയ്തിരിക്കുന്നതിൻപ്രകാരമുള്ള ദുരിതാശ്വാസനിധി രൂപീകരിച്ച് 05.02.2011 ൽ ഇതിനായി ചേരാനല്ലൂർ സർവീസ് സഹകരണ ബാങ്കിൽ സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിൽ അക്കൗണ്ട് തുടങ്ങി (അക്കൗണ്ട് നം.3473). ഇത് സംബന്ധിച്ച ഫയലും രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കാത്തിനാൽ സബ്കമ്മിറ്റി രൂപീകരിച്ചതിന്റെയും പുനഃസംഘടിപ്പിച്ചതിന്റെയും വിവരങ്ങൾ ലഭ്യമല്ല. തൻവർഷം വരവോ ചെലവോ ഇല്ല. 31.03.2020 ലെ നീക്കിയിരിപ്പ് തുക 2614/-രൂപയാണ്.

## 1-33 മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മുഴുവൻ മരുന്നുകളും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 1) 56/2020- എഫ്.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ<br>2)59/2020- പാലിയേറ്റീവ് പരിചരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>കോടനാട് കുടുംബാരോഗ്യകേന്ദ്രം |

പത്തുലക്ഷം രൂപ വീതം വകയിരുത്തിയ മേൽ പ്രോജക്റ്റുകൾ പ്രകാരം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സ് അനുസരിച്ച് യഥാക്രമം 824131 രൂപ (ബിൽ നം. 76/25.11.2019) മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും 344599 രൂപ (ബിൽ നം 326/ 20.03.2020) വികസനഫണ്ടിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ നൽകിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭിച്ചിട്ടില്ലയെന്ന് കാണുന്നു. ആദ്യ ബിൽ പ്രകാരം നൽകിയ തുകയിൽനിന്ന് 391307 രൂപയ്ക്കുള്ള മരുന്നും രണ്ടാമത്തേതിൽ നിന്ന് 175425 രൂപയ്ക്കുമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായത്. യഥാക്രമം 432824,169174 രൂപയുടെ മരുന്നുകൾ ഇനിയും വിതരണം ചെയ്യുവാനുണ്ട്. ലഭ്യമാകാനുള്ള മരുന്നുകൾ എത്രയും വേഗം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ആരോഗ്യമേഖല കടുത്ത വെല്ലുവിളി നേരിടുന്ന ഈ സമയത്ത് മരുന്നുകൾ സമയബന്ധിതമായി വിതരണം ചെയ്യാത്ത നടപടി സർക്കാർ പരിശോധിച്ച് ആവശ്യമായ പരിഹാരനടപടി നിർദ്ദേശിക്കുന്നത് ഉചിതമായിരിക്കും.

## 1-34 തൊഴിലുറപ്പ് പദ്ധതി-അവലോകനം

2019-20 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 4994 |
| ആക്ടീവായ ഗുണഭോക്താക്കൾ | 1789 |
| 2019-20 ൽ നല്കിയ തൊഴിൽ ദിനങ്ങൾ | 79575 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 69 |
| 2019-20 വർഷത്തെ ആകെ ചെലവ് തുക | 289.03ലക്ഷം |

ആക്ഷൻ പ്ലാൻ അനുസരിച്ച് ആകെ രൂപീകരിച്ച വർക്കുകൾ --166
പൂർത്തിയാക്കിയ വർക്കുകൾ-- 141
നടത്തിയ പ്രധാനപദ്ധതികളുടെ മേഖല തിരിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു

| തയ്യാറാക്കിയ പ്രവൃത്തികൾ | സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ | നടപ്പാക്കിയ പ്രവൃത്തികൾ |
|---|---|---|
| ഭവന നിർമ്മാണം | 12 | 12 |
| കിണർ റീചാർജ് | 2 | 2 |
| തോട്, കനാൽ | 17 | 17 |
| മത്സ്യക്കുളം | 5 | 5 |
| റോഡ് നിർമ്മാണം | 3 | 3 |
| സോക്ക്പിറ്റ് | 1 | 1 |
| തൊഴുത്ത് നിർമ്മാണം | 8 | 5 |
| കിണർ നിർമ്മാണം | 12 | 6 |
| കൃഷി-നിലം ഒരുക്കൽ | 44 | 44 |
| ആട്ടിൻ കൂട് നിർമ്മാണം | 10 | 7 |
| കോഴിക്കൂട് നിർമ്മാണം | 17 | 7 |
| ഫാം പോണ്ട് | 3 | 2 |
| കൈയ്യാല | 1 | 0 |
| തെങ്ങിന് കുഴി | 9 | 8 |
| തീറ്റപ്പുൽ കൃഷി | 1 | 1 |
| മഴക്കുഴി | 21 | 21 |

| | | |
|---|---|---|
| ആകെ | 166 | 141 |

## 1-35 ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് തുക അടവാക്കി

തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് നൽകിയ 16ാം നമ്പർ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് നഷ്ടമായി പരാമർശിച്ച തുകകൾ താഴെപ്പറയും പ്രകാരം പഞ്ചായത്ത് തിരികെ ഈടാക്കിയിട്ടുണ്ട്.
ടെൻഡർഫോറ വില -1500/-രൂപ രസീത് നം.121100100679/25.06.2021
ജി എസ് ടി -300/-രൂപ രസീത് നം. 121100100679/25.06.2021
„ – 470/-രൂപ രസീത് നം. 121100100681/25.06.2021
ആദായനികുതി 3245/-രൂപ രസീത് നം. 121100100680/25.06.2021

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## 3-1 വക്കീൽ ഫീസ് നൽകിയതിലെ അപാകത-തുക നിരാകരിക്കുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് കക്ഷി ആയ വിവിധ കേസുകളുടെ നടത്തിപ്പിനായി ആകെ 120500/- രൂപ വക്കീൽ ഫീസിനത്തിൽ ചെലവ് വന്നിട്ടുണ്ട്. വക്കീൽ ഫീസ് നൽകിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.
1. ഹാജരാകാത്ത കേസിന് വക്കീൽ ഫീസ് നൽകി.

പഞ്ചായത്തിലെ മൂന്നാം വാർഡിൽ ഉൾപ്പെട്ട കോടനാട് വില്ലേജിൽ 12/4, 12/6 സർവേ നമ്പർ പ്രകാരമുള്ള സ്ഥലത്ത് മൊബൈൽ ടവർ നിർമ്മിക്കുന്നതിന് M/S റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 13.08.2018 തീയതിയിൽ A2-BA (185963) നമ്പറായി പഞ്ചായത്ത് നിർമ്മാണാനുമതി നൽകിയിരുന്നു. നിർമ്മാണം ആരംഭിച്ചതിന് ശേഷം പരിസരവാസികൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ 25.09.2018 ലെ 1(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം അനുസരിച്ച് 27.09.2018 ന് പെർമിറ്റ് റദ്ദ് ചെയ്തതായി റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിനെ അറിയിച്ചു. പെർമിറ്റ് റദ്ദ് ചെയ്തത് ചോദ്യം ചെയ്ത് സ്ഥാപനം പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് കമ്മിറ്റി എന്നിവരെ യഥാക്രമം ഒന്ന്, രണ്ട് എതിർകക്ഷികളാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ 682/2018 നമ്പറായി അപ്പീൽ ഫയൽ ചെയ്തു. 30.11.2018 ൽ ഹിയറിംഗ് നടത്തി 10.12.2018 ന് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ നോട്ടീസ് കൈപ്പറ്റിയിട്ടും എതിർ കക്ഷികൾ ഹാജരാകാത്തതിനാൽ Ex Parte ആയാണ് ഉത്തരവ് പുറപ്പെടുവിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 30.11.2018 ന് ഹിയറിംഗ് നിശ്ചയിച്ചിരുന്ന കേസിന്റെ വസ്തുതാ വിവരണ പത്രിക 29.11.2018, 2.39 PM -ന് മാത്രമാണ് രജിസ്റ്റേഡ് തപാലായി അയച്ചതെന്ന് കാണുന്നു. പഞ്ചായത്തിനും പഞ്ചായത്ത് കമ്മിറ്റിക്കും വേണ്ടി കേസിൽ ഹാജരാകാതിരുന്നിട്ടും വക്കീൽ ഫീസിനത്തിൽ വൌച്ചർ നമ്പർ 21900144 തീയതി 01.06.2019 പ്രകാരം 10000/- രൂപ വക്കീലായ ശ്രീ.മുദുൽ വി ജോണിന് നൽകിയിട്ടുണ്ട്.
2. വൌച്ചർ നമ്പർ 21900243 തീയതി 19.07.2019, വൌച്ചർ നമ്പർ 21201061 തീയതി 07.03.2020 എന്നിവ പ്രകാരം യഥാക്രമം 20000/-രൂപ, 60000/-രൂപ എന്നിങ്ങനെ ആകെ 80000/- രൂപ വിവിധ കേസുകളിലായി അഡ്വ. ആർ രഞ്ജിത്തിന് നൽകിയിട്ടുണ്ടെങ്കിലും 1961 ലെ ആദായനികുതി നിയമം വകുപ്പ് 194 J പ്രകാരം 30000/-രൂപയിൽ അധികം വക്കീൽ ഫീസിനത്തിൽ നൽകിയിട്ടുള്ളതിൽ നിന്ന് കുറവ് ചെയ്യേണ്ട 10% ആദായനികുതി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 23.06.2021 ൽ നൽകിയ 4ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഹാജരാകാത്ത കേസിന് അഡ്വ.മുദുൽ വി ജോണിന് പ്രതിഫലം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതാണെന്നും അഡ്വ. ആർ രഞ്ജിത്തിന്റെ ആദായനികുതി അടവാക്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും രേഖകൾ ലഭിക്കാത്ത പക്ഷം തുടർന്ന് വരുന്ന ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഹാജരാകാത്ത കേസിന് കൈപ്പറ്റിയ 10000/-രൂപ അഡ്വ.മുദുൽ വി ജോണിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറി ശ്രീമതി.ഉദയ കെ-യിൽ നിന്നോ തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആദായനികുതിയിനത്തിൽ കുറവ് ചെയ്യേണ്ട നികുതി തുക 8000/- രൂപ അഡ്വ.രഞ്ജിത്തിൽ നിന്ന് ഈടാക്കേണ്ടതാണ്

## ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

## 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | നീക്കിയിരുപ്പ് | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | - | 2338753 | 2000000 | ലൈഫ് ഭവന പദ്ധതി | 868694 | 1131306 |
| | - | | 350000 | പാൽ സബ്സിഡി | 350000 | - |
| | - | | 270000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 270000 | 875000 |
| | - | | - | എസ് സി പഠന സഹായം | 25000 | 875000 |
| | - | | | മുൻ വർഷങ്ങളിലെ പദ്ധതി | - | 238753 |
| ജില്ലാ പഞ്ചായത്ത് | | 209287 | - | എസ് സി ക്രെമറ്റോറിയം | | 209287 |
| | - | 580000 | - | ലൈഫ് ഭവന പദ്ധതി(എസ് സി) | 580000 | - |
| | - | 174675 | - | ലൈഫ് ഭവന പദ്ധതി(എസ് സി) | - | 174675 |
| | - | 164000 | | ലൈഫ് ഭവന പദ്ധതി(ജനറൽ) | | 164000 |
| | - | 308825 | | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 308825 | - |
| | - | 122904 | 4235 | | | 127139 |

മുൻവർഷ നീക്കിയിരുപ്പിന്റെ വർഷം തിരിച്ചുള്ള പദ്ധതി വിവരങ്ങൾ ലഭ്യമാക്കിയില്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രോജക്റ്റ് നം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | അഡ്വാൻസ് തുക | കൺവീനറുടെ പേര് | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2720000/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പ | സ.ഉ.(ക) നം.68 /2018/ ത.സ്വ.ഭ.വ. / 18.05.2018 | 2720000 | 3324069 | 823529 | 0 | 5220540 |

| | |
|---|---|
| കെയുആർ ഡിഎഫ്സി | |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 719398 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ ലഭിച്ചത്) | 59350 |
| ആകെ | 778748 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 778748 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ് /സർചാർജ് ഇനത്തിൽ അടവില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

## (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75730503 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66523385 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 10000 | ശ്രീമതി ഉദയ കെ സെക്രട്ടറി |
| | ആകെ | 10000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 42,250/- | ശ്രീമതി ഉഷ കെ.കെ., ഹെഡ്മിസ്ട്രസ്സ് |

(സി)-കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

| ഖണ്ഡിക നമ്പർ | തുക/ഇനം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23-2 | 8000/- | ശ്രീ.സുരേഷ് ബാബു വി.എസ്., സെക്രട്ടറി |

| | | |
|---|---|---|
| | ആദായനികുതി | |
| 1-24 | 1416/-<br>ആദായനികുതി | ,, |
| ആകെ | 9416 | ,, |

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|---|
| 1. | ശ്രീമതി ഉദയ കെ സെക്രട്ടറി | സെക്രട്ടറി, അശമന്നൂർ ഗ്രാമപഞ്ചായത്ത് | അളകാപുരി, സൗത്ത് മാറാടി |
| 2. | ശ്രീ. സുരേഷ് ബാബു. വി.എസ്. | സെക്രട്ടറി, കുവപ്പടി ഗ്രാമപഞ്ചായത്ത് | വടശ്ശേരി ഹൗസ്, എടത്തല പി.ഒ. ആലുവ |
| 3. | ശ്രീമതി ഉഷ കെ.കെ. | ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ്., കുവപ്പടി | മണേലിൽ ഹൗസ്, വളയൻചിറങ്ങര |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | കെ.എസ്.എ.-ഇകെഎം(പി2)696(I)/18 തീ. 11.07.19 |
| 1996-97 | എൽ എഫ് ഇ (പി2)98/2000 തീ. 09.02.01 |
| 1997-98 | എൽ എഫ് ഇ (പി2)228/00,തീ.22-9-00 |
| 1998-99 | എൽഎഫ് ഇ (പി2)984/01,തീ. 30-3-12 |
| 1999-00 | എൽ എഫ്ഇ(പി2)1338/05 തീ. 01.12.2006 |
| 2000-01 | കെ.എസ്.എ.-ഇകെഎം(പി2)696/Ii/2018 തീ. 11.07.19 |
| 2002-03 | എൽഎഫ്ഇ(പി2)1116/06,തീ.11.07.2008 |
| 2003-04 | കെ.എസ്.എ.-ഇകെഎം(പി2)696(Iii)/18 തീ.11.07.19 |
| 2004-05 | കെ.എസ്.എ.-ഇകെഎം(പി2)696(Iv)/18 തീ.11.07.19 |
| 2005-06 | എൽ എഫ് ഇ (പി2)2247/11,തീ. 04.05.12<br>തീ. 14-10-11 |
| 2007-08 | എൽ എഫ് ഇ (പി2)2247/11 തീ. 04.05.2012 |
| 2008-09, 2009-10, 2010-11 | കെ.എസ്.എ.-ഇകെഎം(പി2)696(Vi)/18 തീ.11.07.19 |
| 2011-12, 2012-13 | എൽ എഫ് ഇ (പി2)393/2015<br>തീ. 03.07.15 |
| 2013-14, 2014-15 | കെ.എസ്.എ ഇ.കെ.എം (പി2)769/16 തീയതി 26.08.16 |
| 2015-16 | കെ.എസ്.എ ഇ.കെ.എം (പി2)1127/2017 തീയതി 14.08.18 |
| 2016-17 | കെ.എസ്.എ ഇ.കെ.എം (പി2)2265/18 തീയതി 18.05.19 |
| 2017-18 | കെ.എസ്.എ ഇ.കെ.എം (പി2)149/19 തീയതി 15.07.19 |
| 2018-19 | കെ.എസ്.എ ഇ.കെ.എം (പി2)126/20 തീയതി 03.02.2020 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കുവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കുവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്